## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 133** **02-02-2024 - ൽ മറുപടിയ്ക്ക്**

## ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന പ്രതിസന്ധികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെ; വിശദാംശം നൽകുമോ; | (എ) | ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ക്ഷേമത്തിനും ഉന്നമനത്തിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുമായി സംസ്ഥാന സാമൂഹ്യനീതി വകുപ്പ് മുഖേന "മഴവില്ല്" എന്ന പേരിൽ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത സമഗ്ര പദ്ധതിയിൽ ടി വിഭാഗത്തിലെ വ്യക്തികളുടെ വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, തൊഴിൽ, പുനരധിവാസം തുടങ്ങിയ വിഷയങ്ങളും ഉൾപ്പെടുന്നുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I-ായി ചേർക്കുന്നു.<br><br>കൂടാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളിലും വിവിധ ആവശ്യങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്ന അപേക്ഷ ഫോറങ്ങളിൽ സ്ത്രീ/ പുരുഷൻ എന്നിവരോടൊപ്പം ട്രാൻസ്ജെൻഡർ / ട്രാൻസ് സ്ത്രീ /ട്രാൻസ് പുരുഷൻ എന്ന് കൂടി കൂട്ടിച്ചേർത്തു പരിഷ്കരിക്കുന്നതിന് 17.01.2021 ലെ 03/2021/സാ.നീ.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . ആയത് അനുബന്ധം 2-ായി ചേർക്കുന്നു.<br><br>സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും അഫിലിയേറ്റ് ചെയ്യപ്പെട്ട ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് പ്രായപരിധിയിൽ ഇളവനുവദിച്ച് കൊണ്ട് 03.07.2018-ലെ സ. ഉ.(കൈ) 153/2018/HEDN പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് അനുബന്ധം 3-ായി ചേർക്കുന്നു.<br><br>സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും അഫിലിയേറ്റ് ചെയ്യപ്പെട്ട ആർട്ട്സ് ആൻഡ് |

| | | | |
|---|---|---|---|
| | | | സയൻസ് കോളജുകളിലും എല്ലാ കോഴ്സുകൾക്കും രണ്ട് അധിക സീറ്റുകൾ വീതം ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്കുവേണ്ടി മാത്രമായി അനുവദിച്ച് കൊണ്ട് 07.07.2021-ലെ സ.ഉ (കൈ) 295/2021/HEDN പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് അനുബന്ധം 4-ായി ചേർക്കുന്നു.<br><br>സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ സമൂഹത്തിൽപ്പെട്ട വ്യക്തികൾക്ക് ബി.എസ്.സി. നഴ്സിംഗ്, ജനറൽ നഴ്സിംഗ്, Midwifery കോഴ്സ് എന്നിവയിൽ പ്രവേശനത്തിന് ഓരോ സീറ്റ് വീതം 2023-2024 അധ്യയന വർഷം മുതൽ റിസർവ് ചെയ്യുന്നതിന് 27.07.2023 ലെ 172/2023/ആ.കു.വ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് അനുബന്ധം 5-ായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള സൗകര്യം നിലവിലുണ്ടോ; ഇതിനായി ധനസഹായം ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്; ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഉണ്ട്. സംസ്ഥാന സർക്കാർ മേഖലയിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള ലിംഗമാറ്റ ശസ്ത്രക്രിയ, ഹോർമോൺ തെറാപ്പി എന്നിവ നടത്തുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. ട്രാൻസ്ജെൻഡർ വിഭാഗത്തിന് ലിംഗമാറ്റ ശസ്ത്രക്രിയകൾ നടത്ത്ുന്നതിനായി സാമൂഹ്യനീതി വകുപ്പ് 2020-21 സാമ്പത്തിക വർഷം ംുതൽ ലിംഗമാറ്റ ശസ്ത്രക്രിയ്ക്ക് വിധേയരാകുന്ന ട്രാൻസ്മാൻ വിഭാഗത്തിനു പരമാവധി 5 ലക്ഷം രൂപയും ട്രാൻസ് വുമൺ വിഭാഗത്തിനു പരമാവധി 2.5 ലക്ഷം രൂപയുമായി ധനസഹായം അനുവദിച്ചു വരുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലിംഗമാറ്റ ശസ്ത്രക്രിയക്ക് വിധേയരായ 365 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 3,94,27,575/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ 297 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തുടർചികിത്സയ്ക്കും പോഷകാഹാരത്തിനും ധനസഹായമായി 66,21,000/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>ലിംഗമാറ്റ ശസ്ത്രക്രിയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുബന്ധം 6-ായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

**<u>മഴവിൽ പദ്ധതിയിൻ പ്രകാരം സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ</u>**

1. വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി

സംസ്ഥാനത്തിനകത്തും പുറത്തും സർക്കാർ / സർക്കാർ എയ്ഡഡ് / സെൽഫ് ഫിനാൻസ് വിദ്യാലയങ്ങളിൽ 7-ാം ക്ലാസ്സ് മുതൽ ഡിഗ്രി /പി. ജി. തലം വരെ പഠനം നടത്തുന്ന കേരളീയരായ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് 10 മാസകാലത്തേയ്ക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയാണിത്. പത്താം ക്ലാസ് വരെ 10,000/- രൂപയും, പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് 15,000/- രൂപയും, കോളേജ് വിദ്യാർത്ഥികൾക്ക് 20,000/- രൂപയും പ്രതിവർഷം സ്കോളർഷിപ്പ് ഇനത്തിൽ അനുവദിച്ചുവരുന്നു.

2. പ്രൊഫഷണൽ / വിദൂര വിദ്യാഭ്യാസ ധനസഹായം - സഫലം പദ്ധതി

അർഹരായ ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് മെച്ചപ്പെട്ട പഠന സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ (റെഗുലർ) പഠിക്കുന്നതിനായും വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ കൂടി സംസ്ഥാനത്ത് ഡിഗ്രി/ പി.ജി./പി ജി ഡിപ്ലോമ/ ഡിപ്ലോമ/പ്രൊഫഷണൽ കോഴ്സ് തുടങ്ങിയ ഉന്നത കോഴ്സുകളിൽ പഠനം നടത്തുന്നതിനായും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. പ്രൊഫഷണൽ കോഴ്സുകൾക്ക് ഒരു വർഷം പരമാവധി ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നതാണ്.

വിദൂര വിദ്യാഭ്യാസം നടത്തുന്നതിന് രജിസ്ട്രേഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ്, പഠന കാലയളവിൽ അസൈൻമെന്റ്, പ്രോജക്റ്റ് തുടങ്ങിയവ തയ്യാറാക്കുന്നതിന്, പഠന സാമഗ്രികൾ വാങ്ങുന്നതിന്, കോണ്ടാക്ട് ക്ലാസുകൾ/ പരീക്ഷകൾ എന്നിവയിൽ പങ്കെടുക്കുന്നതിനുമായി ഒരു വർഷം പരമാവധി 24,000/- രൂപ വരെ അനുവദിക്കുന്നതാണ്.

3. തുടർവിദ്യാഭ്യാസം/ സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന 'സമന്വയ' പദ്ധതി

പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം നൽകുന്നതിനും തുല്യതാപരീക്ഷ എഴുതുന്നതിനും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ തുടർവിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്ന പ്രസ്തുത പദ്ധതി 'സമമ്പയ' എന്നപേരിൽ കേരള സംസ്ഥാന സാക്ഷരത മിഷനുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

4. ഹോസ്റ്റൽ ഫീസ്

സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ്/സെൽഫ് ഫിനാൻസ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പ്രതിമാസം 4,000/- രൂപ നിരക്കിൽ 10 മാസത്തേക്ക് 40,000/- രൂപ അനുവദിച്ചുവരുന്നു.

5. വിവാഹ ധനസഹായം

ട്രാൻസ്ജെൻഡർ വ്യക്തികൾ നിയമപരമായി വിവാഹം കഴിച്ച് കുടുംബജീവിതം നയിക്കാൻ സന്നദ്ധരാകുന്നപക്ഷം അവരുടെ സാമൂഹ്യജീവിതത്തിന്റെ തുടർച്ച സാദ്ധ്യമാക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. 30,000/- രൂപയാണ് വിവാഹ ധനസഹായമായി അനുവദിയ്ക്കുന്നത്.

6. ലിംഗമാറ്റ ശസ്ത്രക്രിയ

2020-2021 സാമ്പത്തിക വർഷം മുതൽ ലിംഗമാറ്റശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്മാൻ വിഭാഗത്തിനു പരമാവധി 5 ലക്ഷം രൂപയും, ട്രാൻസ് വുമൺ വിഭാഗത്തിനു പരമാവധി 2.5 ലക്ഷം രൂപയുമായി ധനസഹായം അനുവദിച്ചു വരുന്നു.

കൂടാതെ സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ അത്യാഹിത വിഭാഗത്തിലോ ഒ.പി-യിലോ വരുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് മുൻഗണന നൽകുകയും ആവശ്യമായ പരിശോധനകൾ (ബ്ലഡ് ടെസ്റ്റ്, ലാബ് ടെസ്റ്റ്, സ്കാനിംഗ്) തികച്ചും സൗജന്യമായി നൽകി വരുകയും, കൗൺസലിംഗ് ആവശ്യമുള്ള രോഗികൾക്ക് ആയത് ലഭ്യമാക്കുകയും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം സോഷ്യൽ വർക്കർമാർ യഥാസമയം ആശയവിവനിയം നടത്തുകയും തുടർചികിത്സയ്ക്ക് ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

7. ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ്ജൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം - SRS Aftercare പദ്ധതി

ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ വിശ്രമ കാലയളവിൽ തുടർചികിത്സയ്ക്കായും പോഷകാഹാരം വാങ്ങുന്നതിനും മറ്റ അനുബന്ധ ചെലവുകൾക്കുമായി പ്രതിമാസം 3,000/- രൂപ നിരക്കിൽ സർജറി തീയതി മുതൽ 12 മാസത്തേയ്ക്കു ധനസഹായം അനുവദിച്ചു വരുന്നു.

8. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ സഹായം - "കരുതൽ പദ്ധതി"

ലിംഗമാറ്റ ശസ്ത്രക്രിയയുടെ ഭാഗമായും, ഹോർമോൺ ചികിത്സകൾ തുടർന്നു വരുന്ന സാഹചര്യത്തിലും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് ഇത്തരം വ്യക്തികൾ വിധേയരാകുന്നുണ്ട്. ഇത്തരം പ്രതിസന്ധികൾ, അപകടങ്ങൾ, പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ ഉടൻ പരിഹാരം കണ്ടെത്തുന്നതിന് കരുതൽ പദ്ധതി നടപ്പിലാക്കി വരുന്നു. അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 25,000/- രൂപ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് തന്നെ അനുവദിച്ചു നൽകാവുന്നതാണ്.

9. മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനത്തിന് സാമ്പത്തിക സഹായം - യത്നം പദ്ധതി.

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പൊതുനിയമനങ്ങളിൽ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായും, സാമ്പത്തിക ശാക്തീകരണം ലക്ഷ്യമാക്കിയും അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായി വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകുന്നതിനു ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് യത്നം.

10. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതി.

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകുന്ന പദ്ധതിയുടെ ഭാഗമായി ഒരാൾക്ക് പരമാവധി 3,00,000 രൂപയും, ഗ്രൂപ്പിന് പരമാവധി 5,00,000/- രൂപയും നൽകി വരുന്നു. സാമൂഹ്യനീതി വകുപ്പും, സംസ്ഥാന വനിതാ വികസന കോർപ്പറേഷനും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

11. ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള സാകല്യം പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകി സ്വയം പ്രാപ്തരാക്കി ജീവിക്കുന്നതിനു സന്ദർഭമൊരുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പ് ആരംഭിച്ച പദ്ധതിയാണ് "സാകല്യം ".

12. ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള കെയർ ഹോം / ഷോർട്ട് സ്റ്റേ ഹോം പദ്ധതി

സ്വന്തം ഐഡന്റിന്റി വെളിപ്പെടുത്തുന്ന കാരണത്താൽ വീട്ടിൽ നിന്നും സമൂഹത്തിൽ നിന്നും പുറത്താക്കപ്പെടുന്നവരും, ഒറ്റപ്പെട്ടുന്നവരുമായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് താമസിക്കാൻ താത്ക്കാലികമായ ഇടവും, പഠനം, തൊഴിൽ എന്നിവ നേടുന്നതിനുള്ള സാഹചര്യവും ഒരുക്കുവാൻ ഷോർട്ട് സ്റ്റേ ഹോം/ കെയർ ഹോം പദ്ധതി നടപ്പിലാക്കി വരുന്നു. സർജറിയ്ക്ക് വിധേയരാകുന്നവർക്ക് താമസിക്കുന്നതിനും, തുടർചികിത്സ നടത്തുന്നതിനും, ക്രൈസിസിൽപ്പെടുന്നവർക്കും ഷോർട്ട്-സ്റ്റേ ഹോമുകൾ വളരെയധികം സഹായകരമായിട്ടുണ്ട്.

13. ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ

സമൂഹത്തിൽ നിന്നും കുടുംബങ്ങളിൽ നിന്നും ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന അതിക്രമങ്ങൾ (ലൈംഗീക പീഡനങ്ങൾ, ശാരീരിക അതിക്രമങ്ങൾ, മാനസികപീഡനം തുടങ്ങിയവ) അപകടങ്ങൾ, ലിംഗമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട പരാതികൾ, ട്രാൻസ്ജെൻഡർ വ്യക്തികൾക്കിടയിൽ തന്നെയുള്ള പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് ആധുനിക വിവര സാങ്കേതിക സജ്ജീകരണങ്ങൾ ഉള്ള ഒരു ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ കാക്കനാട്ടുള്ള സാമൂഹ്യനീതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രസ്തുത ക്രൈസിസ് ഇന്റർ വെൻഷൻ സെന്റർ പ്രവർത്തനം ആരംഭിയ്ക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

TG



2402
10/2/21

"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളിലും വിവിധ ആവശ്യങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്ന അപേക്ഷാഫോറങ്ങളിൽ സ്ത്രീ/പുരുഷൻ/ട്രാൻസ്ജെൻഡർ/ട്രാൻസ് സ്ത്രീ/ട്രാൻസ് പുരുഷൻ എന്നിങ്ങനെ കൂട്ടിച്ചേർത്ത് പരിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.03/2021/സാനീവ** **തീയതി, തിരുവനന്തപുരം, 17/01/2021**

---

പരാമർശം: 1. ജെൻഡർ അഡ്വൈസറുടെ 18.09.2020, 18.11.2020 ലെ ജി.എ/ഡബ്ല്യു.സി.ഡി/2020/24 നമ്പർ കത്ത്.

2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 19.11.2020 ലെ ഡബ്ല്യു.ഇസി1/12720/20 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളിലും വിവിധ ആവശ്യങ്ങൾക്കായി നിലവിലുള്ള അപേക്ഷാഫോറങ്ങളിൽ പലതും സ്ത്രീകൾക്ക് അപേക്ഷിക്കാൻ അപര്യാപ്തമാണെന്നും മിക്ക ഫോറങ്ങളിലും അപേക്ഷകൻ എന്നു മാത്രമേ കാണുന്നുള്ളൂ എന്നും ലിംഗ നിഷ്പക്ഷത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അപേക്ഷകൻ/അപേക്ഷക എന്നാക്കി മാറ്റാവുന്നതാണെന്നും, ട്രാൻസ്ജെൻഡർ വിഭാഗത്തിനായി ഒരു പോളിസി ഉണ്ടാക്കുകയും, അവരുടെ ലിംഗ നിർണ്ണയ സർജറിക്കായി ധനസഹായം കൊടുക്കുകയും ചെയ്യുന്ന കേരളത്തിൽ അതുകൊണ്ട് സ്ത്രീ/പുരുഷൻ/ട്രാൻസ് സ്ത്രീ/ട്രാൻസ് പുരുഷൻ എന്നിങ്ങനെ അപേക്ഷ ഫോമുകളിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ജെൻഡർ അഡ്വൈസർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളിലും വിവിധ ആവശ്യങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്ന അപേക്ഷാ ഫോമുകളിൽ അപേക്ഷകൻ എന്നു രേഖപ്പെടുത്തിയത് 1897 ലെ സാമാന്യ ഖണ്ഡം ആക്ടിന്റെ (General Clauses Act 1897) (Act 10 of 1897) 13-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സ്ത്രീകൾക്ക് അപേക്ഷിക്കാൻ അപര്യാപ്തമാണെന്ന് പറയുവാൻ കഴിയില്ലെന്നും, ട്രാൻസ്ജെൻഡർ വ്യക്തികളുടെ വിഷയത്തിൽ 2019 ലെ The Transgender Persons (Protection of

Rights Act) (Act 40 of 2019) ന്റെ 2(K) വകുപ്പിലും അദ്ധ്യായം III ൽ Recognition of Identity of Transgender Person - 4, 5, 6, 7 എന്നീ വകുപ്പുകളിലും 7-ാം വകുപ്പിന്റെ Provision ലും ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഐഡന്റിറ്റിയെ കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിരിക്കയാൽ ആക്ടിന്റെ 2(K) വകുപ്പിൽ നിർവചിച്ച പ്രകാരം ട്രാൻസ്ജെൻഡർ/ട്രാൻസ് സ്ത്രീ/ ട്രാൻസ് പുരുഷൻ എന്നിവ കൂടി അപേക്ഷാ ഫോറത്തിൽ ഉൾപ്പെടുത്തുന്നത് പ്രസ്തുത വിഭാഗത്തിൽ നിന്നുള്ളവർക്ക് ഗുണകരമായിരിക്കുന്നതാണെന്നും പരാമർശം (2) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അറിയിച്ചിരിക്കുന്നു.

(2) സർക്കാർ ഈ വിഷയം പരിശോധിച്ചു. സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളിലും വിവിധ ആവശ്യങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്ന അപേക്ഷാഫോറങ്ങളിൽ സ്ത്രീ/പുരുഷൻ/ട്രാൻസ്ജെൻഡർ/ട്രാൻസ് സ്ത്രീ/ ട്രാൻസ് പുരുഷൻ എന്നിങ്ങനെ കൂട്ടിച്ചേർത്തു പരിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിജു പ്രഭാകർ**
**സെക്രട്ടറി**

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പു തലവൻമാർക്കും
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
എല്ലാ സ്വയംഭരണ സ്ഥാപനങ്ങൾക്കും
ജെൻഡർ അഡ്വൈസർ, സാമൂഹ്യനീതി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Higher Education Department- Admission of Transgender Students- Two additional seats in all courses in Universities and affiliated arts and science colleges- Sanctioned- orders issued.

HIGHER EDUCATION (B) DEPARTMENT

G.O.(Ms)No.153/2018/HEDN Dated,Thiruvananthapuram, 03/07/2018

ORDER

Social Justice Department has recommended and forwarded the request for issuing special order for reserving seats for Transgender Students for various courses in Universities and affiliated Arts and Science Colleges. Due to societal issues these students often have to discontinue their studies or to join other academic institutions after an academic year or after the admission process is closed.

In the above circumstances, Government are pleased to sanction two additional seats in all courses in Universities and affiliated Arts and Science Colleges exclusively for admitting transgender students subject to the fulfillment of qualification.

(By order of the Governor)
M. G RANJITH KUMAR
ADDITIONAL SECRETARY

To:

The Director of Collegiate Education.

The Registrar, Kerala, Mahathma Gandhi, CUSAT, Calicut, Kannur, Sree Sankaracharya University of Sanskrit, Thunchathezhuthachan Malayalam Universities.

Accountant General (A&E, Audit), Thiruvananthapuram,

Higher Education (A,D,F) Departments.
Social Justice (B) Department.
Stock File/Office Copy.

Forwarded /By order

Section Officer

GOVERNMENT OF KERALA

**Abstract**

Higher Education Department- Admission of Transgender Students in Universities and Affiliated Arts and Science Colleges- Age limits removed - Orders issued.

**HIGHER EDUCATION (B) DEPARTMENT**

G.O.(Ms.)No 295/2021/HEDN Dated , Thiruvananthapuram, 07/07/2021

Read : G.O.(Ms) No. 153/2018/HEDN dated 03.07.2018

**ORDER**

As per the Government Order read above, the Government had sanctioned two additional seats in all courses in Universities and affiliated Arts and Science Colleges in the State, exclusively for admitting transgender students subject to the fulfillment of qualification.

2. Subsequently, the Universities and Kerala State Higher Education Council have furnished their views on a proposal for formulating general guidelines on relaxation in the upper age limit for transgender candidates for admission to institutions of higher education.

3. The Government have examined the matter in detail and are pleased to issue orders removing the upper and lower age limit for transgender candidates for admission to all courses in Universities and affiliated Arts and Science Colleges in the State.

4. State Universities shall make necessary changes in their Statutes to incorporate the above provision.

(By order of the Governor)
**VIJAYAKUMAR. R**
Additional Secretary

To

The Director of Collegiate Education, Thiruvananthapuram
The Registrar, Kerala, Mahatma Gandhi, CUSAT, Calicut, Kannur, Sree Sankaracharya University of Sanskrit, Thunchathezhuthachan Malayalam University, Sreenarayanaguru Open University, APJ Abdul Kalam Technological University, NUALS
Accountant General (A&E, Audit), Thiruvananthapuram,
Higher Education (D,F,G,J) Departments.
Social Justice (B) Department.
Stock File/Office Copy.

Forwarded / By Order
Section Officer

HEALTH-C3/455/2023-HEALTH

7461512/2023/HEALTH (C)

# GOVERNMENT OF KERALA

## Abstract

Health & Family Welfare Department – Medical Education – Reservation to Transgender students for admission to B.Sc (Nursing) and General Nursing and Midwifery Course - Sanctioned – Orders issued.

## HEALTH & FAMILY WELFARE (C) DEPARTMENT

G.O.(Ms)No.172/2023/H&FWD Dated,Thiruvananthapuram, 27.07.2023

Read :- Letter No. B6/2199/2023/DME Dated 15.07.2023 from the Director of Medical Education, Thiruvananthapuram.

## ORDER

As per letter read above, Director of Medical Education has furnished proposal to Government on the need for providing reservation to Transgender Category for B.Sc (Nursing).

Government, with a view to ensure the representation of Transgender Community in nursing sector and also aiming their Social Upliftment, are pleased to reserve one seat each in B.Sc (Nursing) and General Nursing and Midwifery Course for admission to Transgender students, subject to the fulfillment of qualification for selection to the respective nursing courses, from the Academic Year 2023-24 .

(By order of the Governor)

SREEJITH V P
JOINT SECRETARY

To

The Director of Medical Education, Thiruvananthapuram.
The Director of Health Services, Thiruvananthapuram.
The Director of LBS Centre for Science and Technology, Thiruvananthapuram.
The Commissioner for Entrance Examinations, Thiruvananthapuram.
The Principal, Govt. College of Nursing, Thiruvananthapuram/Alappuzha/ Kottayam/ Thrissur/ Kozhikode.
The Registrar, Kerala University of Health Sciences, Thrissur.
The Registrar, Kerala Nurses & Midwives Council, Thiruvananthapuram.
Social Justice Department
Higher Education (B) Department
SC/ST Department.
Public Relations Department(Web & New Media)
Stock File/Office Copy.
Copy to: PS to Hon'ble Minister ( Health)

Forwarded/By order

Section Officer

Sheethal Shyam

അനുബന്ധം-6

**ലിംഗമാറ്റ ശസ്ത്രക്രിയകൾക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ**

1) അപേക്ഷകൻ ട്രാൻസ്ജെൻഡർ ഐ. ഡി കാർഡ്, മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖ (ആധാർ) എന്നിവ ഉണ്ടായിരിക്കണം.

2) ലിംഗമാറ്റ ശസ്ത്രക്രിയകൾക്ക് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ഏതെങ്കിലും ആശുപത്രിയിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയ ശേഷം വ്യക്തമായ ചികിത്സാ റിപ്പോർട്ട് ബില്ലുകൾ, ഡോക്ടറുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

3) ലിംഗമാറ്റത്തിനായുള്ള ആദ്യഘട്ട ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കും എല്ലാ ഘട്ടങ്ങളും പൂർത്തീകരിച്ചവർക്കും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

4) പ്രായ പരിധി 18 വയസ്സ് പൂർത്തിയായിരിക്കണം.

<u>ലിംഗമാറ്റ ശസ്ത്രക്രീയ കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തുടർചികിത്സയും പോഷകാഹാരത്തിനും ധനസഹായ പദ്ധതി</u>

1) അപേക്ഷിക്കുന്ന വ്യക്തികൾക്ക് ട്രാൻസ്ജെൻഡർ ഐ.ഡി. കാർഡ് ഉണ്ടായിരിക്കണം.
2) മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖ (ആധാർ, ഇലക്ഷൻ ഐ. ഡി. കാർഡ്) ഉണ്ടായിരിക്കണം.
3) പ്രായപരിധി 18 വയസ്സ് പൂർത്തിയായിരിക്കണം.
4) ലിംഗമാറ്റ ശസ്ത്രക്രിയയുടെ ഡിസ്ചാർജ് സർട്ടിഫിക്കറ്റ്, ലിംഗമാറ്റ ശസ്ത്രക്രിയയുടെ ചികിത്സാ റിപ്പോർട്ട്, ഡോക്ടറുടെ സാക്ഷ്യപത്രം, ബാങ്ക് പാസ് ബുക്കിന്റെ ആദ്യപേജ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം.